©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 മേയ് 8<br>8th May 2018<br>1193 മേടം 25<br>25th Medam 1193<br>1940 വൈശാഖം 18<br>18th Vaisakha 1940 | നമ്പർ<br>No. 1236 |



## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 38/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 മേയ് 4 / 1193 മേടം 21.*

**എസ്. ആർ. ഒ. നമ്പർ 289/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'പുഴ പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി, പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/1799/2018/S-25.

## പട്ടിക

| | | |
|---|---|---|
| *ജില്ല* | .. | കാസറഗോഡ് |
| *താലൂക്ക്* | .. | ഹോസ്ദുർഗ് |
| *വില്ലേജ്* | .. | തെക്കേ തൃക്കരിപ്പൂർ |
| *ഗ്രാമപഞ്ചായത്ത്* | .. | തൃക്കരിപ്പൂർ |
| *റീ-സർവ്വേ നമ്പർ* | .. | 471/1എ |
| *വിസ്തീർണ്ണം* | .. | 0.83¼ ഏക്കർ (83.25 സെന്റ്) |

## അതിരുകൾ

| | | |
|---|---|---|
| *വടക്ക്* | .. | പുഴ (റീസർവ്വേ നമ്പർ 466) |
| *തെക്ക്* | .. | പുഴ പുറമ്പോക്ക് (റീസർവ്വേ നമ്പർ 466, 467) |
| *കിഴക്ക്* | .. | പുഴ |
| *പടിഞ്ഞാറ്* | .. | പുഴ പുറമ്പോക്ക് (റീസർവ്വേ നമ്പർ 466), 467/pt, 469/pt. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ബി. അശോക്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും റവന്യൂ രേഖകളിൽ 'പുഴ പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ തെക്കേ തൃക്കരിപ്പൂർ വില്ലേജ്, റീസർവ്വേ നമ്പർ 471/1എ-ൽപ്പെട്ട 0.83¼ ഏക്കർ ഭൂമി ഏഴിമല നാവിക അക്കാഡമിയുടെ വികസനത്തിനായി കൈമാറുന്നതിനായി, ടി ആക്റ്റിലെ 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.